**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6160** **09-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സഹകരണ സംഘങ്ങളെ ആധുനിക വത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, യുവജനങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ കോർ ബാങ്കിങ് സംവിധാനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഏകീകൃത സോഫ്റ്റ് വെയറിനായുള്ള RFPയിൽ ട്രഷറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ മറ്റ് ഏജൻസികളുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ